LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾക്കായി എം.എൽ.എ.-മാരിൽനിന്നും സ്വീകരിക്കുന്ന നിർദ്ദേശങ്ങൾ പ്രസ്തുത പദ്ധതിയിൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ഗ്രാമവികസന കമ്മീഷണർ സമർപ്പിക്കുന്നു. നബാർഡ് പ്രവൃത്തികളുടെ ഏകോപനവും മേൽനോട്ടവും നടത്തുന്നത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. ആണ്. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടുമെന്റ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള നബാർഡ് വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം ലഭിക്കുന്ന പ്രവൃത്തികളുടെ ഡി.പി.ആർ. വാങ്ങി നബാർഡിന്റെ അനുമതിക്ക് അയയ്ക്കുകയും അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു.

(ബി) നബാർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന പദ്ധതി നിർദ്ദേശങ്ങളിൽ ലഭ്യമായ വിഹിതത്തിനുള്ളിൽ വരത്തക്കവിധത്തിൽ സംസ്ഥാന സർക്കാർ മുൻഗണനാ ക്രമത്തിൽ അംഗീകാരം നൽകുന്നു. ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(സി) സർക്കാർ തീരുമാനിക്കുന്ന മുൻഗണനാ ലിസ്റ്റിൻ പ്രകാരമാണ് വിശദമായ പ്രോജക്ട് റിപ്പോർട്ട് നബാർഡിന് സമർപ്പിക്കുന്നത്.

(ഡി) തൃശ്ശൂർ മണ്ഡലത്തിൽ അനുവദിച്ച കുത്തന്നൂർ-പേഴുംകോട് തോട് ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി നടപ്പാക്കിയിട്ടില്ല. ടി പ്രവൃത്തിക്കാവശ്യമായ സ്ഥലം ലഭ്യമല്ലായെന്നുള്ള കാരണത്താൽ 2012-ൽ തന്നെ മേൽ പ്രവൃത്തി പാലക്കാട് ജില്ലാ പഞ്ചായത്ത് ഉപേക്ഷിച്ചു.

മലയോര വികസന ഏജൻസി

11 (3213) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര വികസന ഏജൻസി രൂപീകരിച്ചത് എന്നാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മലയോര വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) റോഡുകളുടെ വികസനത്തിൽ പ്രസ്തുത ഏജൻസി വഹിക്കുന്ന പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മലയോര വികസന ഏജൻസി രൂപീകരിച്ചത് 2012 മേയ് 28-ന് ആകുന്നു.

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതികൾ, ചെറു അരുവികളിൽ ചെക്കുഡാം നിർമ്മാണം, പഴം, പച്ചക്കറി വികസന പദ്ധതി എന്നിവയിൽ തുടങ്ങി റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ, സ്വയംസഹായ സംഘങ്ങൾക്ക് തൊഴിൽദാന പരിപാടി, കുളങ്ങൾ നവീകരിക്കൽ, കൃഷി വികസനം, ക്ഷീരവികസന പ്രവർത്തനങ്ങളിൽ അധിഷ്ഠിതമായ ഉപജീവന ആസ്തികൾ സൃഷ്ടിക്കുന്ന സ്വയംതൊഴിൽ പരിപാടികൾ, പരിസ്ഥിതി സംരക്ഷണത്തിലൂടെയുള്ള പ്രകൃതിവിഭവങ്ങളുടെ പരിപാലനം എന്നീ പദ്ധതികൾ നടത്തിവരുന്നു.

(സി) പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ സാധാരണ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും വാണിജ്യപരമായ വികസനത്തിനും വേണ്ടി സംസ്ഥാന വിഹിതം ഫണ്ടിൽ ഒരു റോഡിന് 15.00 ലക്ഷം രൂപ പരമാവധി തുകയും നബാർഡ് അധിഷ്ഠിത ആർ.ഐ.ഡി.എഫ്. റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി പുതിയ റോഡുകളുടെ നിർമ്മാണം, റോഡുകളുടെ അപ്ഗ്രഡേഷൻ, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവ മലയോര വികസന ഏജൻസി വഴി നടപ്പിലാക്കി വരുന്നു.

ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി

12 (3214) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഏജൻസിയുടെ പ്രവർത്തനം വിശദമാക്കുമോ;

(ബി) പ്രസ്തുത ഏജൻസിയുടെ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പു സാമ്പത്തികവർഷം വരെ എത്ര തുക വീതം ബഡ്ജറ്റിൽ വകകൊള്ളിച്ചെന്നും എത്ര തുക വീതം ചെലവഴിച്ചെന്നും വർഷം തിരിച്ച് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly